# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.159 — 03.05.2017 ൽ മറുപടിയ്ക്ക്

### വാതിൽപ്പടി വിതരണത്തിനുള്ള നടപടിക്രമങ്ങൾ

ചോദ്യം

ശ്രീ. കെ.സി.ജോസഫ്
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. അനൂപ് ജേക്കബ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ സാധനങ്ങളുടെ വാതിൽപടി വിതരണത്തിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ആദ്യ പടിയായി റേഷൻ വാതിൽപ്പടി വിതരണത്തിന്റെ ചുമതല കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും, മില്ലുകളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ ഇന്റർമീഡിയറി ഗോഡൗണുകളിൽ സംഭരിച്ച് റേഷൻ കടകളിൽ വാതിൽപ്പടി വിതരണം ചെയ്യുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്റ്റ് കൊല്ലം ജില്ലയിൽ മാർച്ച് മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരമുള്ള വാതിൽപ്പടി വിതരണം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ 2017 മെയ് മാസത്തിലും ശേഷിക്കുന്ന ജില്ലകളിൽ അടുത്തഘട്ടമായും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വാതിൽപടി വിതരണക്കാരോട്, റേഷൻ സാധനങ്ങൾ കടയിലെത്തിക്കുന്നതിനുള്ള | (ബി) | വാതിൽപ്പടി വിതരണം സംബന്ധിച്ച് ഗതാഗതക്കരാറിൽ ഒരു കിലോ മീറ്ററിന് ഒരു ക്വിന്റൽ സാധനം റേഷൻ കടയിൽ |

| | | | |
|---|---|---|---|
| | കിലോമീറ്റർ നിരക്കാണോ ദർഘാസിൽ രേഖപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ; | | എത്തിക്കുവാനുള്ള നിരക്കുകളാണ് രേഖപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്. |
| (സി) | റേഷൻ സാധനങ്ങൾ വാഹനങ്ങളിൽ കയറ്റുന്നതിനും റേഷൻകടകളിൽ ഇറക്കുന്നതിനുമുള്ള കൂലി ആരാണ് വഹിക്കേണ്ടത്; ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുണ്ടോ; | (സി) | കടത്ത് കരാറിന്റെ ടെൻഡർ വ്യവസ്ഥപ്രകാരം കരാർ നിരക്ക് കടത്തുകൂലിയും മറ്റ് അനുബന്ധ ചാർജ്ജുകൾ, ലെവി, ടാക്സ് എന്നിവ ഉൾപ്പെടുന്നതാകയാൽ കരാർ എടുക്കുന്ന വ്യക്തിതന്നെ കയറ്റിറക്കുകൂലി നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. |
| (ഡി) | മേല്പറഞ്ഞ കാര്യത്തിൽ സർക്കാരിന് എത്ര അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | തിട്ടപ്പെടുത്തിയിട്ടില്ല. വാതിൽപ്പടി വിതരണം പൂർണ്ണമായി നടപ്പാക്കുന്ന മുറയ്ക്കേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ. |

സെക്ഷൻ ഓഫീസർ